ഉത്തരം

(എ) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ നിർമ്മിച്ച ഓരോ തിയേറ്റർ ചേർത്തലയിലും തിരുവനന്തപുരത്ത് വഴുതക്കാട്ടും പ്രവർത്തിച്ചുവരുന്നു. കോഴിക്കോട്ടും തിരുവനന്തപുരത്ത് തമ്പാനൂരിലും ഓരോ ഇരട്ട തിയേറ്ററിന്റെ നിർമ്മാണം അവസാനഘട്ടത്തിലായിട്ടുണ്ട്. വടക്കൻ പറവൂർ, ചിറ്റൂർ എന്നിവിടങ്ങളിൽ തിയേറ്റർ പണി വിവിധ ഘട്ടത്തിലായി നിൽക്കുന്നു.

(ബി) ചലച്ചിത്ര വികസന കോർപ്പറേഷൻ ഏറ്റെടുത്ത തിയേറ്റർ നിർമ്മാണ പദ്ധതിക്കായി ഇതിനകം 196.26 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

അന്തർ ജില്ലാ വിമാനസർവ്വീസ്

720 [850] ശ്രീ. പി. സീതിഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർ ജില്ലാ വിമാനസർവ്വീസ് ആരംഭിക്കുന്നതിന് ഗവൺമെന്റ് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് ഏന്ന് നടപ്പിൽ വരുത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) അങ്ങനെ ഒരു തീരുമാനം എടുത്തിട്ടില്ല.

(ബി) ചോദ്യം ''എ'' യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

അക്കൗണ്ടിംഗ് ജോലികൾ

721 [851] ശ്രീ. പി. സീതിഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ ഏജീസ് ആഫീസിൽ ചെയ്തുവരുന്ന ചില അക്കൗണ്ടിംഗ് ജോലികൾ സംസ്ഥാന സർക്കാരിന്റെ കീഴിൽ കൊണ്ടുവരുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനെതിരെ ഏജീസ് ആഫീസ് അസോസിയേഷൻ നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാമാണ് അവരുടെ ആവശ്യങ്ങൾ;

(ഡി) അക്കൗണ്ടിംഗ് ജോലികൾ സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കുന്നതിൽ കേന്ദ്ര ഗവൺമെന്റ് എന്ത് നിലപാടാണ് സ്വീകരിച്ചിരിക്കുന്നതെന്നറിയുമോ?

ഉത്തരം

(എ) ഏജീസ് ആഫീസിൽ ചെയ്തുവരുന്ന ജോലികളിൽ ഒരിനമായ പേ സ്ലിപ്പ് സമ്പ്രദായം നിർത്തലാക്കാനുള്ള ഒരു നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. ഈ കാര്യത്തിൽ കേരള അക്കൗണ്ടന്റ് ജനറലുമായി പ്രാരംഭ ചർച്ചകൾ മാത്രമേ നടന്നിട്ടുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly